DESPATCHED
28/01/2022

5-2017
30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1511 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6712/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി : 30.12.2021

ശ്രീ. സെൽവരാജ് ഇ.,
ക്രൈസ്റ്റ് കോട്ടേജ്, പുതുമംഗലം,
മിത്രാനികേതൻ, വെള്ളനാട്,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മാരായമുട്ടം പോലീസ് സ്റ്റേഷൻ,
   തിരുവനന്തപുരം.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   നെയ്യാറ്റിൻകര.

3. അപ്പീൽ അധികാരി,
   ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
   തിരുവനന്തപുരം റൂറൽ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 07.04.2018 |
| ഒന്നാം അപ്പീൽ | 08.03.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | NIL |
| രണ്ടാം അപ്പീൽ | 28.06.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 05.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ഇ.സെൽവരാജ് 19.01.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ)

ആവശ്യപ്പെട്ടത്, 12.09.2017 ൽ ടിയാൻ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. യ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തെറ്റായതും തൃപ്തികരമല്ലാത്തതും ആയതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ആയതിന് അപ്പീൽ അധികാരി നൽകിയ മറുപടി, പ്രസ്തുത പരാതി നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. യുടെ ഓഫീസിൽ നിന്നും അന്വേഷണത്തിനും നടപടിക്കുമായി നിർദ്ദേശിച്ച് നെയ്യാറ്റിൻകര പോലീസ് ഇൻസ്പെക്ടറിന് അയച്ചുകൊടുത്തിട്ടുള്ളതായും നിലവിൽ സർക്കിൾ ഓഫീസ് പ്രവർത്തനം ഇല്ലാത്തതിനാൽ നെയ്യാറ്റിൻകര സർക്കിൾ ഓഫീസിൽ നിന്നും മാരായമുട്ടം പോലീസ് സബ് ഇൻസ്പെക്ടറിന് അന്വേഷണത്തിനും നടപടിയ്ക്കുമായി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും, ആയതിനാൽ പ്രസ്തുത പരാതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത വിവരാവകാശ അപേക്ഷ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & മാരായമുട്ടം പോലീസ് സബ് ഇൻസ്പെക്ടറിന് അയച്ചു നൽകിയിട്ടുള്ളതായി മനസ്സിലാകുന്നുവെന്നും നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. ഓഫീസിലെ എസ്.പി.ഐ.ഒ ഉചിതമായ മറുപടി തന്നെയാണ് നൽകിയിട്ടുള്ളതെന്നുമാണ്.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 05.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരന് 26.11.2020 ൽ മറുപടി നൽകിയതായി എസ്.പി.ഐ.ഒ അറിയിച്ചെങ്കിലും അത്തരത്തിലൊരു മറുപടി നൽകിയതായി കാണുന്നില്ല. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കുന്നതിനായി നെയ്യാറ്റിൻകര സർക്കിൾ ഓഫീസിൽ നിന്നും മാരായമുട്ടം സബ് ഇൻസ്പെക്ടറിന് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അയച്ചു കൊടുത്തെങ്കിലും പ്രസ്തുത എസ്.പി.ഐ.ഒ മറുപടി നൽകിയതായി കാണുന്നില്ല. വിവരാവകാശ നിയമം 6(3) വകുപ്പ്

പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ കഴിയുന്നത്ര വേഗത്തിലും, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകവും വിവരം നൽകേണ്ടതാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ കൃത്യസമയത്ത് കൈമാറ്റം ചെയ്ത് ലഭിച്ചിട്ടും എസ്.പി.ഐ.ഒ ആയ മാരായമുട്ടം പോലീസ് സബ് ഇൻസ്പെക്ടർ സമയബന്ധിതമായി മറുപടി നൽകാതിരുന്നത് ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. തികച്ചും നിരുത്തരവാദപരമായ സമീപനമാണ് എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. ഇത് വിവരാവകാശ നിയമത്തോടുള്ള അവഹേളനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ എസ്.പി.ഐ.ഒ. യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പി ക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപ്പീൽ ഹർജിക്കാരന്റെ 19.01.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഫയലുകളും രേഖകളും പരിശോധിച്ച് വ്യക്തമായ വിവരം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽഹർജി **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn